## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 171** **17.06.2013 ൽ മറുപടിക്ക്**

## പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിലെ മരം മുറിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യൂ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി ) |
| (എ) സംസ്ഥാനത്തെ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിൽ നിന്ന് കോടിക്കണക്കിന് രൂപ വിലയുള്ള മരങ്ങൾ കൊള്ളയടിക്കപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) തോട്ടങ്ങളിൽ നിന്ന് മരം മുറിക്കുമ്പോൾ സർക്കാരിലേക്ക് അടക്കേണ്ടുന്ന തറ വിലയിൽ ഇളവ് വരുത്തുവാൻ ഹാരിസൺ കമ്പനി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ; | (ബി) | ആവശ്യപ്പെട്ടിരുന്നു. |
| (സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2013 ഏപ്രിലിൽ വിളിച്ച ചേർത്ത യോഗത്തിൽ ആയതുമായി ബന്ധപ്പെട്ട് ഉയർന്ന ആവശ്യം എന്തായിരുന്നു; വനം വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് എന്തായിരുന്നു; | (സി) | റബ്ബർ തടിയുടെയും, വിറകിന്റെയും വർദ്ധിപ്പിച്ച സീനിയറേജ് നിരക്കുകൾ കുറയ്ക്കണമെന്നാണ്ആവശ്യപ്പെട്ടിരുന്നത്.എന്നാൽ ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ നിയമപരമായ വശങ്ങൾ എല്ലാം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. |
| (ഡി) പ്രസ്തുത യോഗത്തിൽ ക്ഷണിക്കപ്പെട്ടവരും പങ്കെടുത്തവരും ആരൊക്കെയായിരുന്നു; യോഗ തീരുമാനത്തിന്റെ അംഗീകരിച്ച യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഡി) | ക്ഷണിക്കപ്പെട്ടവർ<br>1. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം<br>2.പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്<br>3.മുഖ്യ വനപാലകൻ, കേരള വനം വകുപ്പ് |

4.അഡീ.മുഖ്യ വനപാലകൻ
(സംരക്ഷണം)
5.ശ്രീ. രഞ്ജിത്ത് ഇമ്മട്ടി, ഹാരിസൺസ് മലയാളം ലിമിറ്റഡ്.
6.ശ്രീ.ജനാർദ്ദനൻ, ഐ.എൻ.ടി.യു.സി
7.ശ്രീ.വി.പി.ഇബ്രാഹിം, സി.ഐ,റ്റി.യു
8.ശ്രീ.കെ.കെ.നീലാംബരൻ , യു.ടി.യു.സി
9.ശ്രീ.ഒ.പി.എ. സലാം , എ.ഐ.ടി.യു.സി

പങ്കെടുത്തവർ

1.ശ്രീ.പി.സി.ജോർജ് (ബഹു. ചീഫ് വിപ്പ്)
2.ശ്രീ.പ്രദീപ്കുമാർ (പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്)
3.ശ്രീ.വി.പി.ജോയ് (പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്)
4.ശ്രീ.എ.അജിത്കുമാർ (സെക്രട്ടറി, നികുതി വകുപ്പ്)
5.ഡോ.കെ.പി.ഔസേപ്പ് (അഡീ.മുഖ്യ വനപാലകൻ (സംരക്ഷണം)
6.ശ്രീ.മാത്യൂ തോമസ്, ജോയിന്റ് കമ്മീഷണർ, നികുതി വകുപ്പ്
7.ശ്രീ.ധർമ്മരാജ്, ഹാരിസൺസ് മലയാളം ലിമിറ്റഡ്.
8.ശ്രീ.രഞ്ജിത്ത് ഇമ്മട്ടി, ഹാരിസൺസ് മലയാളം ലിമിറ്റഡ്.
9.ശ്രീ.സന്തോഷ് കമാർ,ഹാരിസൺസ് മലയാളം ലിമിറ്റഡ്
10.ശ്രീ.വേണുഗോപാൽ, ഹാരിസൺസ് മലയാളം ലിമിറ്റഡ്
11.ശ്രീ.വി.പി.ഇബ്രാഹിം, സി.ഐ,റ്റി.യു
12.ശ്രീ.കെ.കെ.നീലാംബരൻ , യു.ടി.യു.സി
13.ശ്രീ.ഒ.പി.എ. സലാം , എ.ഐ.ടി.യു.സി
14.ശ്രീ.കെ.കെ.ജനാർദ്ദനൻ, ടി.സി.ടി.ടി.യു.

(യോഗ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.)

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

**റബ്ബർ തടിയുടെയും വിറകിന്റെയും വർദ്ധിപ്പിച്ച സീനിയറേജ് നിരക്കുകൾ കുറയ്ക്കണമെന്ന ആവശ്യത്തിൻമേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ 16/04/2013 ന് ഉച്ചയ്ക്ക് 1 മണിക്ക് തൊഴിലാളി യൂണിയൻ പ്രതിനിധികളുമായും ഹാരിസൺ മലയാളം പ്രതിനിധികളുമായും നടന്ന ചർച്ചയുടെ നടപടിക്കുറിപ്പ്.**

യോഗം ഉച്ചയ്ക്ക് 1 മണിക്ക് ആരംഭിച്ചു. പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

റബ്ബറിന്റെയും തടിയുടെയും നിരക്ക് ഉയർത്തിയതു മൂലം ഹാരിസൺ മലയാളം ലിമിറ്റഡ് സീനിയറേജ് ചാർജ് അടച്ച് മരം മുറിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്ക് തൊഴിലവസരം നഷ്ടപ്പെടുകയും ആയത് തൊഴിലാളി കുടുംബങ്ങളെ പട്ടിണിയിലേക്ക് തള്ളി വിടുന്ന അവസ്ഥ സംജാതമായിട്ടുണ്ടെന്ന് തൊഴിലാളി യൂണിയൻ പ്രതിനിധികൾ യോഗത്തെ അറിയിച്ചു. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വനം വകുപ്പ് റവന്യൂ ഭൂമികളിൽ സ്ഥിതി ചെയ്യുന്ന റബ്ബർ മരങ്ങൾക്ക് സീനിയറേജ് ചാർജ് ഈടാക്കുന്ന നടപടി ക്രമപ്രകാരമല്ലയെന്ന് ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ.പി.സി.ജോർജ് അഭിപ്രായപ്പെട്ടു.

2)ഹാരിസൺ മലയാളം പ്രതിനിധികൾ അവരുടെ ഭാഗം വിശദീകരിക്കുകയും സീനിയറേജ് ഉയർത്തിയ നിരക്ക് കുറച്ച് നിലവിലുണ്ടായിരുന്ന സ്ഥിതി നിലനിർത്തിയാലല്ലാതെ മരം മുറി നടത്തുവാൻ പ്രയാസമാണെന്ന് അറിയിക്കുകയും ചെയ്തു.

3)സീനിയറേജ് നിരക്ക് ഉയർത്തിയത് സംബന്ധിച്ച് ഹാരിസൺ മലയാളത്തിന്റെയും തൊഴിലാളികളുടെയും പ്രതിനിധികൾ പ്രത്യേകം പ്രത്യേകം കേസ്സുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടെന്നും, ആ കേസ്സുകളിൽ ബഹുമാനപ്പെട്ട കോടതി സ്റ്റേ അനുവദിച്ചിട്ടില്ലെന്നും ഗവൺമെന്റ് അതിന്റെ നിലപാട് കോടതിയെ അറിയിച്ചിട്ടുണ്ടെന്നും വനം വകുപ്പിനെ പ്രതിനിധീകരിച്ച് സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ യോഗത്തെ അറിയിച്ചു. കൂടാതെ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സീനിയറേജ് നിരക്ക് വളരെ ന്യായമാണെന്നും, ആയത് കുറയ്ക്കേണ്ടതില്ലെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു.

4)വിശദമായ ചർച്ചകൾക്കൊടുവിൽ ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ ഈ വിഷയത്തിന്റെ നിയമപരമായ വശങ്ങൾ എല്ലാം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും പ്രസ്തുത തീരുമാനം ബഹു.മുഖ്യമന്ത്രി തൊഴിലാളി പ്രതിനിധികളെയും ഹാരിസൺ പ്രതിനിധികളെയും അറിയിക്കുകയുണ്ടായി.

5) യോഗം രണ്ട് മണിക്ക് അവസാനിച്ചു.

[signature]

സെക്ഷൻ ഓഫീസർ

**Meeting of reduction of Seigniorage rate of Rubber wood to be held at 1 PM on 16/04/2013**

**List of Participants**

| Sl.No. | Name | Designation |
|---|---|---|
| 1 | Sri. P.C.George | Hon'ble Chief Whip |
| 2 | Sri. Pradeep Kumar | Principal Secretary(Forest &Wildlife Department |
| 3 | Sri.V.P.Joy | Principal Secretary (Finance) |
| 4 | Sri. A.Ajitkumar | Secretary (Taxes). |
| 5 | Dr.K.P.Ouseph | Additional Principal Chief Conservator of Forests (Protection) |
| 6 | Sri. Mathew Thomas | Joint Commissioner (General), Commercial Taxes |
| 7 | Sri.Dharmaraj | ED, Harrisons Malayalam Ltd |
| 8 | Sri. Ranjit Emmatty | Head IR& Harrisons Malayalam Ltd |
| 9 | Sri. Santhosh Kumar | VP, Harrisons Malayalam Ltd |
| 10 | Sri. V.Venugopal | V.P,Legal, Harrisons Malayalam Ltd |
| 11 | Sri.K.K.Neelambaran | U.T.U.C |
| 12 | Sri. O.P.A. Salam | A.I.T.U.C |
| 13 | Sri.K.K.Janardhanan | T.C.T.T.U |
| 14 | Sri.V.P.Ibrahim | C.I.T.U |